സ്തംഭനാവസ്ഥയിലാണ്. എല്ലാ ഷട്ടറുകളിലും ചോർച്ച അനുഭവപ്പെടുന്നുണ്ട്. വേനൽക്കാലത്ത് ആ പ്രദേശത്തെ ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് പെരിയാർ നദിയേയും പെരിയാർ വാലി പദ്ധതിയുടെ കനാലുകളേയുമാണ്. എഫ്.എ.സി.റ്റി. കൊച്ചിൻ ഡിവിഷന്റെ പ്രവർത്തനവും പെരിയാർ പദ്ധതിയുടെ കനാൽവഴി ലഭിക്കുന്ന ജലത്തെ ആശ്രയിച്ചാണിരിക്കുന്നത്. നടപ്പു വർഷത്തിൽ കേരളത്തിൽ തുലാവർഷം വളരെ ദുർബലമായിരുന്നു. തൻമൂലം ലോവർ പെരിയാർ അണക്കെട്ടിലെ ജലവിതാനം മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു. രണ്ട് ജനറേറ്ററുകൾ പ്രവർത്തിപ്പിച്ചാണ് ഇടമലയാർ പദ്ധതിയിൽ സാധാരണ വൈദ്യുതോൽപ്പാദനം നടത്തുന്നത്. ജലസംഭരണിയിലെ ജലം കുറവായതിനാൽ ഇപ്പോൾ ഇവയിൽ ഒരെണ്ണം മാത്രമേ പ്രവത്തിപ്പിക്കുന്നുള്ളൂ. ബാരേജിൽ ഒഴുകിയെത്തുന്ന ജലം ബാരേജിന്റെ തൃപ്തികരമായ പ്രവർത്തനത്തിന് മതിയാകുന്നില്ല എന്നതാണ് ഇപ്പോൾ അനുഭവിക്കുന്ന ജലദൗർലഭ്യത്തിനു കാരണം. ലഭ്യമായിട്ടുള്ള ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി അറ്റകുറ്റപ്പണികൾ ചെയ്യാൻ നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഭൂതത്താൻകെട്ട് ബാരേജിന്റെ പരിധിയിൽ ഒരു മെക്കാനിക്കൽ സബ്ഡിവിഷൻ മാറ്റി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. എഫ്.എ.സി.റ്റി.യുടെ സാങ്കേതിക സഹകരണത്തിലൂടെ ചോർച്ചയുള്ള ഷട്ടറുകൾ താൽക്കാലികമായി ബന്ധിച്ച് ചോർച്ച മാറ്റി ബാരേജിലെ ജലവിതാനം ഉയർത്തി ജലസേചനത്തിനും കുടിവെള്ളത്തിനും കൂടുതൽ ജലം കണ്ടെത്താനുള്ള അടിയന്തിര പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഈ സംരംഭം പൂർണ്ണമാകുന്നതോടെ ബാരേജിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുകയും ജല വിതരണത്തിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുകയും ചെയ്യുമെന്ന് പ്രതിക്ഷിക്കുന്നു.

(27) കുളത്തുമ്മൽ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം

ശ്രീ. ജി. കാർത്തികേയൻ : സർ, ആര്യനാട് നിയോജകമണ്ഡലത്തിലെ കാട്ടാക്കട പഞ്ചായത്തിൽ 6 വർഷങ്ങൾക്കുമുൻപ് നിർമ്മാണം ആരംഭിച്ച കുളത്തുമ്മൽ വാട്ടർസപ്ലൈ സ്കീം 6 മാസത്തിനുമുൻപ് പ്രവർത്തനക്ഷമമാകുമെന്ന് നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയിരുന്നതാണ്. ആ പഞ്ചായത്തിലും ആ നിയോജകമണ്ഡലത്തിലെ പല പ്രദേശങ്ങളിലും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ചിലയിടത്ത് പൈപ്പുകൾ പ്രവർത്തിക്കുന്നില്ല. അടിയന്തിരമായും കാട്ടാക്കട പഞ്ചായത്തിൽ കുളത്തുമ്മൽ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും മറ്റ് പഞ്ചായത്തുകളിൽ ശുദ്ധജലം എത്തിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കുളത്തുമ്മൽ ശുദ്ധജലവിതരണപദ്ധതിയുടെ പമ്പ് പ്രവർത്തിക്കാത്തതും മോട്ടോർ പ്രവർത്തിക്കാത്തതുമൊക്കെ നിസ്സാരമായ കാര്യങ്ങളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയുടെ മിക്കവാറുമുള്ള പണികളൊക്കെ തീർന്നുകഴിഞ്ഞു. ഇലക്ട്രിസിറ്റി കണക്ഷനുവേണ്ടി കാത്തിരിക്കുകയാണ്. ഇലക്ട്രിസിറ്റി കണക്ഷൻ ഈ മാസംതന്നെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ മാസം അവസാനത്തോടെ പദ്ധതി കമ്മിഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(28) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ജലവിതരണത്തിലുണ്ടായ തടസ്സം

ശ്രീ. സി. എഫ്. തോമസ് : സർ, കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണത്തിൽ ഉണ്ടായ തകരാറുമൂലം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന്റെ വിവിധഭാഗങ്ങളിൽ കുടിവെള്ളവിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. ഇതിന്റെ കാരണങ്ങൾ സംബന്ധിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണുള്ളത് . ആളുകൾ വളരെയേറെ വിഷമിക്കുന്നു. അതുകൊണ്ട് എത്രയുംവേഗം എക്സിക്യൂട്ടീവ് എൻജിനിയർ തലത്തിലെങ്കിലും ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ആവശ്യമായ നടപടികൾ സ്വീകരിച്ച് ജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണം.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, കല്ലിശ്ശേരി ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ചങ്ങനാശ്ശേരിയിലേയ്ക്കുള്ള പ്രധാന പൈപ്പുലൈൻ തിരുവില്ലായ്ക്ക് സമീപം ഫെബ്രുവരി 20-ന് തകരാറിലായതുമൂലം ജലവിതരണത്തിന് തടസ്സം നേരിട്ടു. ഫെബ്രുവരി 22-ന് തകരാറുകൾ നീക്കി പമ്പിംഗ് ആരംഭിച്ചു. അറ്റകുറ്റപ്പണികൾ നടക്കുന്ന വിവരം പൊതുജനങ്ങളെ മാധ്യമങ്ങളിൽക്കൂടി അറിയിച്ചിരുന്നു. ചങ്ങനാശ്ശേരി-ചെത്തിപ്പുഴ സബ്സ്റ്റേഷന്റെ ഇലക്ട്രിക് വർക്കുകൾ 1-3-2001 മുതൽ നടക്കുന്നതുകാരണം ഇടയ്ക്കിടയ്ക്ക് പകൽസമയങ്ങളിൽ പെരുന്ന പമ്പ് ഹൗസിൽനിന്ന് പമ്പിംഗ് തടസ്സപ്പെടുന്നുണ്ട്. പെരുന്നയിൽ നിന്നും ചെറുകര കുന്നിലേയ്ക്ക് പമ്പ് ചെയ്യുന്നതിനുവേണ്ട വോൾട്ടേജ് കിട്ടാതെ വരുന്നതുകൊണ്ടാണ് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചിലഭാഗങ്ങളിൽ ജലവിതരണത്തിന് തടസ്സം നേരിടുന്നത്. വൈദ്യുതി ബോർഡ് നടത്തുന്ന അറ്റകുറ്റപ്പണികൾ തീരുന്നതോടെ അവിടെയുണ്ടായിരിക്കുന്ന ജലവിതരണത്തിന്റെ തടസ്സം മാറുന്നതാണ്.

(29) മൂവാറ്റുപുഴ ജലസേചന പദ്ധതിക്ക് അനുവദിച്ച സെൻട്രൽ ലോൺ അസിസ്റ്റന്റ് റിലീസ് ചെയ്തുകൊടുക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. ടി. എം. ജേക്കബ് : സർ, കേന്ദ്ര ഗവൺമെന്റിന്റെ Payment of Central Loan Assistance under Accelerated Irrigation Benefit Programme to the States during the State's Annual Plan 2000-2001 അനുസരിച്ച് ഇൻഡ്യയിലെ 12 സ്റ്റേറ്റുകൾക്ക് ലോൺ അസിസ്റ്റൻസ് കിട്ടിയിട്ടുണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് 12,65,00,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly